ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE:16.10.2026**

1. നിർവ എല്ലാ ആഘോഷങ്ങളും ജാതിമതഭേദമന്യേ കൊണ്ടാടുന്ന അപൂർവ്വമായ സൗഹാർദ്ദാന്തരീക്ഷമാണ് കേരളത്തിലുള്ളതെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. നവരാത്രി സർഗോത്സവം സാംസ്കാരിക സമ്മേളനം ഉപരാഷ്ട്രപതി കോഴിക്കോട് ഉദ്ഘാടനം ചെയ്തു.

2. സ്വകാര്യ ബസ് മേഖല തകരാതെ മുന്നോട്ടു കൊണ്ടുപോകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് നിയമസഭയിൽ ശ്രദ്ധ ക്ഷണിക്കലിനു മറുപടിയായി മന്ത്രി സി.പി ജോൺ.

3. കൊച്ചി മുണ്ടംവേലിയിലെ ലൈഫ് മിഷൻ ഫ്ലാറ്റ് താമസയോഗ്യമല്ലെന്ന് ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകി അമിക്കസ് ക്യൂറി. താമസക്കാരെ ഉടൻ മാറ്റിപ്പാർപ്പിക്കണമെന്നും നിർദ്ദേശം.

4. സൗദി അറേബ്യയിലെ  സാഹചര്യം കണക്കിലെടുത്ത് റിയാദ്, ദമാം, ജിദ്ദ വിമാനസർവീസുകൾ ഈ മാസം 20 വരെ റദ്ദാക്കി എയർ ഇന്ത്യ.

5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത. 14 ജില്ലകളിലും ഇന്ന്  മഞ്ഞ ജാഗ്രത

PNU TVPM

6. ഇന്ത്യ - സിംബാബ്‌വെ വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന് റായ്പൂരിൽ അൽപസമയത്തിനകം തുടക്കം.

*********************

ഉപരാഷ്ട്രപതി - കോഴിക്കോട് (ഇൻട്രോ)

നാനാത്വത്തിൽ ഏകത്വമാണ് നമ്മുടെ രാജ്യത്തിന്റെ സൗന്ദര്യമെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. നാടിന്റെ പൈതൃകം സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് കേസരി ഭവനിൽ നവരാത്രി സർഗ്ഗോത്സവം, സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി. എല്ലാ ആഘോഷങ്ങളും ജാതിമതഭേദമന്യേ ഒന്നിച്ചിരുന്ന് ആഘോഷിക്കുന്ന അപൂർവ്വമായ സൗഹാർദ്ദാന്തരീക്ഷമാണ് കേരളത്തിലുള്ളതെന്നും ശ്രീ സിപി രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

നവരാത്രി ആഘോഷം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന് ചടങ്ങിൽ പങ്കെടുത്ത ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. രാജ്യസഭാ എംപി സി സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

***********************************

നിയമസഭ

പതിനാറാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ അഞ്ചാം ദിനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി സഭ ഉച്ചയോടെ പിരിഞ്ഞു. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സഭ ഇന്ന് പരിഗണിച്ചു. പൂജാ അവധിക്ക് ശേഷം ഈ മാസം 26 നാവും സഭ വീണ്ടും ചേരുക. സംസ്ഥാനത്തെ സ്വകാര്യ ബസ് മേഖല

RNU TVPM

നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചുള്ള എൻ.കെ അക്ബറിന്റെ ശ്രദ്ധക്ഷണിക്കലിന് മന്ത്രി സിപി ജോൺ നിയമസഭയിൽ മറുപടി നൽകി. സ്വകാര്യ ബസ് മേഖല തകരാതെ മുന്നോട്ടു കൊണ്ടുപോകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും, പ്രിയദർശിനി സൗജന്യ യാത്ര പദ്ധതി തുടങ്ങിയപ്പോഴല്ല സ്വകാര്യ ബസ് മേഖല പ്രതിസന്ധിയിലായതെന്നും ഗതാഗത മന്ത്രി പറഞ്ഞു. സ്വകാര്യ ബസ് ഉടമകളെ പെരുവഴിയിലാക്കുന്ന സമീപനം സർക്കാരിനില്ലെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും സ്ഥിരം വൈസ് ചാൻസിലർമാരെ നിയമിക്കുന്നതിനുള്ള നടപടി തുടരുകയാണെന്ന് മന്ത്രി റോജി എം ജോൺ ചോദ്യോത്തര വേളയിൽ സഭയെ അറിയിച്ചു.
**********************************

## സെൻസസ്

RNU TVPM

സെൻസസ് ഭേദഗതി നിയമം 2026 വിജ്ഞാപനം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അധ്യാപകർ, സർക്കാർ ഉദ്യോഗസ്ഥർ, അനുയോജ്യരായ മറ്റുള്ളവർ തുടങ്ങിയവരെ ഉൾപ്പെടുത്തി, എന്യൂമറേറ്റർമാരാകാൻ യോഗ്യതയുള്ളവരുടെ പട്ടിക പരിഷ്കരിച്ചിട്ടുണ്ട്. സ്വകാര്യ അൺ എയിഡഡ് സ്കൂളുകളിലെ അധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും, ബാങ്കുകളിലെയും ഉദ്യോഗസ്ഥർ എന്നിവർക്ക് ഉൾപ്പെടെ സെൻസസ് എന്യൂമറേറ്റർമാർ ആകാൻ സാധിക്കും.
**********************************

## നെല്ല് സംഭരണം - അനൂപ് ജേക്കബ്

സംസ്ഥാനത്ത് ഭക്ഷ്യഭദ്രത ഉറപ്പാക്കുന്നതിനായി സപ്ലൈകോയുടെ നേതൃത്വത്തിലുള്ള നെല്ല് സംഭരണം വർധിപ്പിക്കുമെന്ന് ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ്. ഈ വർഷം നെല്ലുസംഭരണം 5.3 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞ

സാഹചര്യത്തിൽ, ഇതിന് മാറ്റം വരുത്താൻ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് നടന്ന ലോക ഭക്ഷ്യ ദിനാഘോഷവും സപ്ലൈകോ ദിനാഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.
************************************

## ലൈഫ് മിഷൻ ഫ്ലാറ്റ്

കൊച്ചി നഗരത്തിലെ പി ആൻഡ് ടി കോളനിക്കാരെ പുനരധിവസിപ്പിച്ച മുണ്ടംവേലി ലൈഫ് മിഷൻ ഫ്ലാറ്റ് താമസയോഗ്യമല്ലെന്ന് അമിക്കസ് ക്യൂറി. താമസക്കാരെ ഉടൻ മാറ്റിപ്പാർപ്പിക്കണമെന്ന് നിർദേശിക്കുന്ന റിപ്പോർട്ട് അമിക്കസ് ക്യൂറി ഹൈകോടതിയിൽ സമർപ്പിച്ചു. ചതുപ്പ് നിലത്ത് നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയം സുരക്ഷിതമല്ലെന്നും, ഗുരുതര നിർമ്മാണപ്പിഴവുകളും സുരക്ഷാഭീഷണികളും നിലനിൽക്കുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. കൂടാതെ സെപ്റ്റിക് ടാങ്കിലെ മലിനജലം സമീപപ്രദേശങ്ങളിലേക്ക് പരന്നൊഴുകുന്നത് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നും നിരീക്ഷണമുണ്ട്.
************************************

## കിഫ്ബി-ബാലഗോപാൽ

കിഫ്ബിക്കെതിരെയുള്ള വിമർശനങ്ങൾ രാഷ്ട്രീയപ്രേരിതമാണെന്നും, പദ്ധതിയെ തകർക്കാൻ ശ്രമിക്കുന്നത് സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാകുന്ന വികസനപദ്ധതികളുടെ പൂർത്തീകരണത്തെ ബാധിക്കുമെന്നും മുൻ ധനമന്ത്രി കെ. എൻ. ബാലഗോപാൽ. അടിസ്ഥാനവികസനത്തിനാണ് കിഫ്ബി ഊന്നൽ നൽകിയതെന്നും ലാഭകരമായ പദ്ധതികളേ ഏറ്റെടുക്കാവൂ എന്ന നിലപാട് ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

നിയമലംഘനം നടന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാമെന്നും അദ്ദേഹം കൊട്ടാരക്കരയിൽ മാധ്യമങ്ങളോട് പ്രതികരിച്ചു.
**********************************

## എയർ ഇന്ത്യ സർവ്വീസ്

സൗദി അറേബ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്തു റിയാദ്, ദമാം, ജിദ്ദ എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ റദ്ദാക്കി എയർ ഇന്ത്യ. യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി ഈ മാസം 20 വരെയാണ് നടപടി. യാത്രക്കാർക്ക് മുഴുവൻ തുകയും റീഫണ്ട് നൽകുമെന്നും എയർ ഇന്ത്യ സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

**********************************

## പിഎം 25

RNU TVPM

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ജൻ ഭാഗീദാരി അഥവാ പൊതുജനപങ്കാളിത്തത്തിലൂന്നിയ സംരംഭങ്ങളെക്കുറിച്ചാണ്, 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. കേന്ദ്രസർക്കാരിന്റെ സ്വച്ഛ് ഭാരത് മിഷൻ, ടിബി മുക്ത് ഭാരത് അഭിയാൻ, വോക്കൽ ഫോർ ലോക്കൽ, ക്യാച്ച് ദ റെയിൻ സംരംഭങ്ങൾ എന്നിവ ജനകീയ മുന്നേറ്റങ്ങൾക്ക് ഉദാഹരണങ്ങളാണ്. ജനങ്ങളുടെ അടിസ്ഥാന സ്വഭാവങ്ങളിൽ തന്നെ ഗുണപരമായ മാറ്റങ്ങൾ വരുത്താൻ സാധിക്കുന്നു എന്നതാണ് ജൻ ഭാഗീദാരി സംരംഭങ്ങളുടെ പ്രത്യേകത.
**********************************

## ബ്ലൈൻഡ്

കാഴ്ചപരിമിതിയുള്ള വ്യക്തികളുടെ സ്വാതന്ത്ര്യവും സുരക്ഷയും ആത്മവിശ്വാസവും കഴിവുകളും സംരക്ഷിക്കാൻ വേണ്ടി വിവിധ നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നതന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ബ്രെയിൽ വാച്ച് വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വൈറ്റ് കെയിൻ ബാങ്ക് ഉദ്ഘാടനം മന്ത്രി പി സി വിഷ്ണുനാഥ് നിർവ്വഹിച്ചു.

***********************************

പനച്ചിക്കാട് (ഇൻട്രോ)

അക്ഷരത്തിന്റെയും കലോപാസനയുടെയും കേന്ദ്രമായ പനച്ചിക്കാട് ദക്ഷിണ മൂകാംബിക ക്ഷേത്രത്തിലെ നവരാത്രി ഉത്സവത്തിന് തുടക്കമായി. പൂജവയ്പിനും വിദ്യാരംഭത്തിനുമുള്ള ഒരുക്കങ്ങളും ക്ഷേത്രത്തിൽ ആരംഭിച്ചു.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ....**

(വോയിസ്)

***********************************

ശബരിമല

തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചുമണിക്ക് തുറക്കും. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് തുലാം ഒന്നായ മറ്റന്നാൾ രാവിലെ 7.30 ന് നടക്കും.

***********************************

## ശബരിമല മുഖ്യമന്ത്രി

മണ്ഡല-മകരവിളക്ക് മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി വി ഡി സതീശനും ദേവസ്വം മന്ത്രി കെ മുരളീധരനും നാളെ ശബരിമലയിലെത്തും. രാവിലെ 9 ന് നിലക്കൽ ഗസ്റ്റ് ഹൗസിൽ തീർത്ഥാടന മുന്നൊരുക്കങ്ങൾ പരിശോധിച്ചശേഷം പമ്പയിൽ വിവിധ വകുപ്പുകളുടെ അവലോകന യോഗം ചേരും. സന്നിധാനത്തെ തീർത്ഥാടന മുന്നൊരുക്കങ്ങളും നാളെ വൈകുന്നേരം പരിശോധിക്കും.
**********************************

## സ്വച്ഛതാ ഹി സേവാ - ആകാശവാണി

സ്വച്ഛതാ ഹി സേവാ പ്രചാരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ആകാശവാണി റിക്രിയേഷൻ ക്ലബ്ബും ശുചിത്വ മിഷനും ചേർന്ന് പൊതുജനാരോഗ്യവും ശുചിത്വവും എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ശുചിത്വമിഷൻ തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് കോർഡിനേറ്റർ പി.എസ്. സുജ ക്ലാസുകൾ നയിച്ചു.
**********************************

RNU TVPM

## പിറവം ജലോത്സവം (ഇൻട്രോ)

മൂവാറ്റുപുഴയാറിന്റെ ജലോത്സവമായ പിറവം ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ആറാം പതിപ്പ് നാളെ ഉച്ചയ്ക്ക് രണ്ടു മണിക്ക് അരങ്ങേറും. മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം നിർവഹിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ...**

(വോയിസ്)

************************************

**മഴ**

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത തുടരും. ഇടിമിന്നൽ വലിയതോതിൽ അപകടകാരികളാണ് എന്നതിനാൽ കാർമേഘം കണ്ടുതുടങ്ങുമ്പോൾ മുതൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.
************************************

**ഇന്ത്യ - സിംബാബ്‌വെ - ക്രിക്കറ്റ്**

ഇന്ത്യ - സിംബാബ്‌വെ വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് റായ്പൂരിൽ നടക്കും. രാത്രി 7 മണിക്കാണ് കളി ആരംഭിക്കുക. ഛത്തീസ്ഗഢ് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം, മത്സരം കാണാൻ സ്ത്രീകൾക്ക് സൗജന്യ പ്രവേശനം ഏർപ്പെടുത്തിയിട്ടുണ്ട്.

*

**************

********************************************************

RNUTVPM